*ബാബ അപരാഹ്നവേളകളിൽ പ്രശാന്തിനിലയത്തിലെ വരാന്തയിൽ തനിക്കു ചുറ്റും കൂടുന്ന വിദ്യാർത്ഥികൾക്ക് നൽകുന്ന പ്രധാന സന്ദേശങ്ങളിൽ ചിലത് തെരഞ്ഞെടുത്ത് അധിക സത്സംഗമായി അവതരിപ്പിക്കുകയാണ് പ്രഫസർ അനിൽകുമാർ. പ്രശാന്തിനിലയത്തിൽ നടന്ന പല സംഭവങ്ങളും ഇതിൽ പരാമർശിക്കപ്പെടുന്നു. ഈ പ്രഭാഷണം തുടരും.*

# വിദ്യാർത്ഥികളുമായുള്ള ബാബയുടെ സംഭാഷണങ്ങൾ

**പ്രഫസർ അനിൽകുമാറിന്റെ സത്സംഗം**

## സായീ വിവേകമുത്തുകൾ(Sai Pearls of Wisdom) ഭാഗം 34D

**പ്രശാന്തി സന്ദേശം ഞായർ പോഡ്കാസ്റ്റ്**

# അതിശയങ്ങൾ!

**(WONDERS)**

**സെപ്തം.19, 2022**

ഓം ശ്രീ സായിരാം.

പ്രശാന്തി സന്ദേശം, സായി വിവേകമുത്തുകൾ നിങ്ങളെ സ്വാഗതം ചെയ്യുന്നു.

ഞാൻ വളരെ നന്നായി ഓർക്കുന്നു, പ്രഫ.ഗോഖക്, ശ്രീ സത്യസായി യൂണിവേഴ്സിറ്റിയുടെ ആദ്യ വൈസ് ചാൻസലർ, പറയുമായിരുന്നു ചമത്കാരങ്ങൾ(miracles)സംഭവിക്കുകയാണ്, ചമത്കാരങ്ങൾ പ്രകടിപ്പിക്കപ്പെടുകയല്ല! പ്രകടിപ്പിക്കപ്പെടുന്നവയെ മാജിക്കായി മുദ്രകുത്താം, ശ്രദ്ധ നേടാനാണ് അവയൊക്കെ അരങ്ങേറുന്നത്. പക്ഷേ, സ്വയം സംഭവിക്കുന്ന ഈ ചമത്കാരങ്ങൾ ദിവ്യവും ആദ്ധ്യാത്മികവുമത്രേ, എന്തുകൊണ്ടെന്നാൽ ഈശ്വരന് ആരെയും ആകർഷിക്കാനില്ല, കാരണം അവിടുന്ന് ഓരോരുത്തരിലുമുണ്ട്. ഈശ്വരൻ ഈ എല്ലാ ശേഷികളുമായാണ്, കഴിവുകളുമായാണ് ജനിക്കുന്നത്, അവ നേടുന്നതല്ല.



ഈ അർത്ഥത്തിൽ, ഭഗവാൻ ബാബയുടെ ചമത്കാരങ്ങളെ 'സംഭവങ്ങൾ'(happenings) ആയി കരുതാം, അവ ഒരു തരത്തിലും 'പ്രവൃത്തികൾ'(doings) അല്ല.

നിരീക്ഷിക്കുമ്പോൾ നമുക്കറിയാം സ്വാമിക്ക് നിരവധി രീതികളുണ്ട്, അത് വിഭൂതിയുടെ സൃഷ്ടിയാവാം, ശസ്ത്രക്രിയാ ഉപകരണങ്ങൾ വരെയാവാം. എന്നാൽ ഒരു കാര്യം തീർച്ചയാണ്, അവിടുത്തെ ചമത്കാരങ്ങൾ വൈദ്യശാസ്ത്രപരമായി വിശദീകരിക്കാനാവാത്തവയാണ്. നേത്രരോഗം മുല്ലപ്പൂക്കൾ കൊണ്ട് പരിഹരിക്കുന്നത് നിങ്ങൾക്ക് സങ്കൽപിക്കാനാവുമോ? മുല്ലപ്പൂക്കൾക്ക് കണ്ണിന്റെ തകരാറ് സുഖപ്പെടുത്താൻ കഴിവുണ്ടോ? വളരെ വിചിത്രം, വളരെ വിചിത്രം! ഇത് വളരെ വ്യക്തമായി പരാമർശിക്കപ്പെട്ടതും ആളിനെ ബന്ധപ്പെട്ട് ശരിയായവിധം പരിശോധിക്കപ്പെട്ടതുമായ സംഭവമാണ്. അത് ഇങ്ങനെയാണ്:

കേരളത്തിലെ എറണാകുളത്തുനിന്നുള്ള ടി.എൻ.നടരാജൻ, ഒരു സജീവാംഗവും ഒരു ടാക്സി ഉടമയുമാണ്. ദൗർഭാഗ്യം കൊണ്ടെന്ന് പറഞ്ഞാൽ മതിയല്ലോ, അദ്ദേഹത്തിന്റെ ഇടതുകണ്ണ് തകരാറിലായി; അതുമൂലം കാഴ്ചശക്തി നഷ്ടപ്പെട്ടു. ബാംഗ്ലൂരിലേക്ക് പോകുന്നതിന് അദ്ദേഹത്തിന് ഉപദേശം ലഭിച്ചു. അവിടെ ബാംഗ്ലൂരിൽ അദ്ദേഹം രണ്ട് സ്പെഷ്യലിസ്റ്റ് ഡോക്ടർമാരെ കൺസൽട്ട് ചെയ്തെങ്കിലും ഒരു പ്രതീക്ഷയുമില്ലായിരുന്നു. തന്നെയുമല്ല, അവർ പറഞ്ഞതനുസരിച്ച്, ഇടതുകണ്ണ് നേരത്തേതന്നെ തകരാറിലായിക്കഴിഞ്ഞു. വലതുകണ്ണും തകരാറിലാവാൻ എല്ലാ സാധ്യതയുമുണ്ട്. ആ നിരാശ നിറഞ്ഞ സാഹചര്യത്തിൽ, തന്റെ കസിന്റെ വീട്ടിൽവച്ച് അദ്ദേഹം ഭഗവാൻ ശ്രീ സത്യസായി ബാബയുടെ ഫോട്ടോ കാണാനിടയായി. ഭഗവാനെക്കുറിച്ച് അറിഞ്ഞിട്ട്, അദ്ദേഹം ഉടനടി മദ്രാസിലെത്തി, ആ സമയത്ത് സ്വാമി അവിടെ തങ്ങുകയായിരുന്നു.



അദ്ദേഹം സ്വാമിക്ക് കത്ത് കൈമാറുന്നതിന് ശ്രമിക്കുകയായിരുന്നു, സ്വാമി പറഞ്ഞു, "പരിഭ്രമിക്കേണ്ട! എനിക്കറിയാം പ്രശ്നം." എന്നിട്ട് ബാബ കൂട്ടിച്ചേർത്തു, "നീ പുട്ടപർത്തിക്കു വരൂ, അവിടെ 10 ദിവസത്തോളം തങ്ങേണ്ടിവരും."

അതുപ്രകാരം, ഈ മാന്യൻ, നടരാജൻ ഭഗവാന്റെ നിർദ്ദേശപ്രകാരം പുട്ടപർത്തിക്കു വന്നു. ഓരോ ദിവസവും കാലത്ത്, ബാബ ചെയ്തത് എന്തെന്നാൽ ഒരു ചരടിൽ കെട്ടിയ മുല്ലപ്പൂ രോഗിയുടെ കണ്ണിന്മേൽ വച്ചു കെട്ടും, എന്നിട്ട് ഓരോ ദിവസവും മാറ്റും, ഈ 10 ദിവസത്തെ കോഴ്സ് ചികിത്സയുടെ അവസാനം, സ്വാമി അവനെ ഇന്റർവ്യൂ റൂമിലേക്ക് വിളിച്ചു, ഒരു ബോട്ടിൽ സൃഷ്ടിച്ചു, ഒരു ബോട്ടിൽ ഐ ഡ്രോപ്സ്,

എന്നിട്ടത് അദ്ദേഹത്തിന്റെ കണ്ണിൽ ഒഴിച്ചുകൊടുത്തു, അദ്ദേഹത്തിനായി ഒരു രുദ്രാക്ഷ മാല സൃഷ്ടിച്ചു, അതെങ്ങനെ ഉപയോഗിക്കണമെന്ന് അദ്ദേഹത്തോട് പറഞ്ഞു.
ശരി, പുരോഗതി തുടങ്ങി, കാഴ്ചശക്തി തിരിച്ചുകിട്ടി, കൂടുതലായി തകരാറൊന്നുമില്ല-ഒന്നുംതന്നെ! ഇപ്പോൾ ഈ ചമത്കാരം എന്തിന് വിശദീകരിക്കുന്നു എന്നാണെങ്കിൽ, നേത്രരോഗം ശമിപ്പിക്കുന്നതിന് മുല്ലപ്പൂ എങ്ങനെ പറ്റുമെന്നത് ഒരു അതിശയമായതുകൊണ്ടാണ്.
ഇതുപോലെ, മറ്റൊരു സംഭവവും എനിക്ക് നിങ്ങളോട് പറയാനാവും. തീർച്ചയായും, ദുരാത്മാക്കൾ, ബാധകൾ (evil spirits) ഉണ്ട്. ദുരാത്മാക്ക ളുടെ സാന്നിധ്യം നിഷേധിക്കുന്ന അനേകം ആളുകളുണ്ട്. എന്നാൽ ബാധ കയറുന്നവരെ നാം കാണുന്നുണ്ട്. അവർ അസംബന്ധമായ രീതിയിൽ പെരുമാറും, വളരെ തമാശയുള്ള രീതിയിലൊക്കെ. അവർ നോർമലല്ല. ബാധ കയറിയിട്ട്, അവരുടെ പ്രവൃത്തികളൊക്കെ അസാധാരണമായിരിക്കും, അവരുടെ സംസാരം അപ്രസക്തമായിരിക്കും. അവരുടെ പെരുമാറ്റം വന്യമായിരിക്കും. ഇതാണ് ദുർബാധയെന്നാൽ!
കൃഷ്ണൻ എന്നു പേരുള്ള ഈ വ്യക്തി ഭഗവാന്റെ അടുത്ത് വന്നപ്പോൾ, സ്വാമി അയാളെ ഒന്ന് നോക്കിയതേയുള്ളൂ, അയാൾ നോർമലായി. ദുരാത്മാവിന്റെ പ്രഭാവം പിന്നീടുണ്ടായിട്ടില്ല! ഇവിടെ എന്തായിരുന്നു ചികിത്സ? കേവലം ദർശനം മാത്രം! നേരത്തേ, മുല്ലപ്പൂക്കൾ! നോക്കൂ, ഇതെല്ലാം അവിശ്വസനീയമാണ്!



മറ്റൊരു സംഭവവും ഞാൻ ഓർക്കുകയാണ്. ഡോ. ഡി.എസ്.ചന്ദർ-ബാംഗ്ലൂരിൽ നിന്നുള്ള ചന്ദർ. ഈ ഡോക്ടർക്ക് സ്വയം പിത്താശയത്തിന് തകരാറായി, കല്ലുണ്ടെന്ന സംശയമായി, അദ്ദേഹത്തിന് അതിവേദനയായിരുന്നു ഫലം. ആ ഡോക്ടർ, ഡോ. ഡി.എസ്.ചന്ദർ ബാംഗ്ലൂരിൽ നിന്ന് പുട്ടപർത്തിക്ക് വന്നു.
അദ്ദേഹത്തെ നോക്കിയിട്ട് സ്വാമി പറഞ്ഞു, “നിങ്ങൾ സർജന്മാർ കത്തിയെപ്പറ്റിയും ഫോർക്കിനെപ്പറ്റിയും സർജറിയെപ്പറ്റിയും ആണ് ചിന്തിക്കുന്നത്! അല്ലയോ, ഡോക്ടർ! താങ്കൾ ഇപ്പോളൊരു രോഗിയാണ്.”

സ്വാമി പുഞ്ചിരിയോടെയാണ് ഇത് പറഞ്ഞത്, എന്നിട്ട് അദ്ദേഹത്തോട് വ്യക്തമായി പറഞ്ഞു, "താങ്കൾ ഈ വിഭൂതി കഴിച്ചോളൂ, കുറച്ച് വെള്ളത്തിൽ കലക്കി, ഓരോ ദിവസവും സേവിക്കുക." പിത്താശയത്തിലെ കല്ല് അപ്രത്യക്ഷമായി. വേദന പിന്നീടുണ്ടായില്ല, ഈ കേസിൽ വിഭൂതിയാണ് പ്രശ്നപരിഹാരം ഉണ്ടാക്കിയത്.



ഇനി അതേ സമയം, എനിക്ക് നിങ്ങളോട് ഇതും പറയാനാവും, സ്വാമി ചില ശസ്ത്രക്രിയകൾ, സർജിക്കൽ ഓപ്പറേഷനുകളും നടത്തിയിട്ടുണ്ട്. അവിടുന്ന് ഓപ്പറേറ്റ് ചെയ്തിട്ടുണ്ട്! സായി സാഹിത്യവുമായി പരിചയമുള്ളവർക്ക് ഓർമ്മയുണ്ടാവും, വളരെക്കാലം മുമ്പ്, ഏറെ നാൾ മുമ്പ്, ഒരു വ്യക്തിക്ക് കലശലായ ഏതോ രോഗം ഉള്ളപ്പോൾ -അടിവയറിന്റെ ഭാഗത്ത്-അയാൾ പ്രശാന്തിനിലയത്തിന്റെ വരാന്തയിൽ വെറുതെ കിടക്കുകയായിരുന്നു. അയാൾ ഉറങ്ങുകയായിരുന്നു. പിറ്റേന്നു കാലത്ത്, അയാൾ കുറച്ച് പഞ്ഞിയും അതിൽ ഇത്തിരി ചോരയും കണ്ടു. എന്ത്! താൻ ശസ്ത്രക്രിയയ്ക്ക് വിധേയനായതായി അയാൾ കണ്ടു, ഓപ്പറേറ്റ് ചെയ്യപ്പെട്ട ഭാഗത്ത് കുറച്ച് പഞ്ഞി വച്ചിട്ടുണ്ട്. ആളുകൾ ചുറ്റും കൂടി എന്ത് സംഭവിച്ചെന്ന് തിരക്കി. സ്വാമി അതിരാവിലെ പ്രത്യക്ഷപ്പെട്ട് ഓപ്പറേഷൻ നടത്തിയതായി അയാൾ അറിയിച്ചു. ബാബ, സർജനായി! ബാബ, സർജനായി! ഇത് ശരിക്കും അവിശ്വസനീയമാണ്!

ഇനി, മറ്റൊരു സംഭവത്തിലേക്ക് നിങ്ങളുടെ ശ്രദ്ധ ആകർഷിക്കുകയാണ് ഞാൻ. നിങ്ങളറിയുമായിരിക്കാം, ശിവകുമാർ എന്ന് പേരുള്ള ഒരു പയ്യൻ, കേവലം 14 വയസ്സ് മാത്രം പ്രായമുള്ള ഒരു പയ്യൻ. അവന് ഹൃദയത്തിന് എന്തോ തകരാറുണ്ടായി, ഇതിനു പുറമെ, അവന് സെറിബ്രൽ സ്പൈനൽ മെനിഞ്ചൈറ്റിസും ഉണ്ടായിരുന്നു. ഈ കുട്ടി അവന്റെ അമ്മാവനായ രാമന്റെ ഗൃഹത്തിൽ വന്നതാണ്.

ഡോക്ടർമാരുടെ ശ്രദ്ധയിൽ വന്ന മറ്റൊരു കാര്യം, അവന് ഭാഗികമായ തളർച്ച, partial paralysis, സംഭവിച്ചിരുന്നു എന്നതാണ്. സ്വാഭാവികമായും അവന്റെ കാഴ്ചയെയും സംസാരശേഷിയെയും അത് ബാധിച്ചിരുന്നു. ഒരു ഘട്ടത്തിൽ, അവൻ അബോധാവസ്ഥയിൽപ്പോലും ആയി, ശരീരം നീലനിറമായി, ഇനി ഏതാനും മണിക്കൂറുകൾ മാത്രമേ ആയുസ്സുള്ളൂ എന്ന് ഡോക്ടർമാർ വിധിയുമെഴുതി. ആ നിമിഷം, ഈ പയ്യൻ ശിവകുമാർ

ഏതാനും ആംഗ്യങ്ങൾ കാട്ടാൻ തുടങ്ങി, ഏതാനും സൂചനകൾ, അവന് കുളിക്കണ മെന്നും വിഭൂതി ധരിക്കണമെന്നും.

അന്ത്യസമയം വേഗം അടുക്കുന്നതുകൊണ്ട്, അതുപ്രകാരം അവന്റെ ബന്ധുക്കൾ അവനെ കുളിപ്പിച്ച് കുറച്ച് വിഭൂതി അവന് നൽകി. അപ്പോൾ തനിക്ക് ബാബയുടെ ചിത്രം വേണ മെന്ന് ആ കുട്ടി സൂചിപ്പിക്കുന്നുണ്ടായിരുന്നു. അത് അവന് നൽകപ്പെട്ടു. അപ്പോൾ ആ കുട്ടി, 14 വയസ്സുള്ള ഈ ശിവകുമാർ, അവൻ ചെയ്തത് എന്തെന്നാൽ തളർന്ന ഇടതു വശം അവൻ സ്വയം തിരുമ്മി; തളർന്ന ഭാഗത്ത് അവൻ വിഭൂതി തിരുമ്മി, ഇടതുവശത്ത്. വൗ! അവൻ എണീറ്റു, ഒന്നുമില്ല! ഒന്നുമില്ല! ഭാഗിക പക്ഷാഘാതം ഉണ്ടായ പയ്യൻ- നിൽക്കാനാവാത്ത, സംസാരിക്കാനാവാത്ത അവൻ ഇപ്പോൾ എണീറ്റിരിക്കുന്നു! അവൻ പൂജാമുറിയിലേക്ക് നടന്നു. അവന്റെ കാഴ്ചശക്തിയെല്ലാം തിരിച്ചുകിട്ടിയിരിക്കുന്നു. ഭഗ വാൻ ശ്രീ സത്യസായി ബാബയുടെ ചമത്കാരം അതാണ്. അവിടുത്തെ വിഭൂതി സകല പ്രശ്നവും പരിഹരിച്ചിരിക്കു ന്നു.



ഇതെല്ലാം നടന്നത് പ്രശാന്തിനിലയത്തിൽനിന്നും വളരെ അകലത്താണ്, സ്വാമി ഈ കുട്ടിയുടെ സ്വപ്നത്തിൽ പ്രത്യ ക്ഷപ്പെട്ടു, എന്നിട്ട് അവന് ഉറപ്പ് നൽകുകയുണ്ടായി, അവിടുന്ന് അവനെ നോക്കി ക്കൊള്ളാം എന്ന്. ആ ഉറപ്പും വിഭൂതിയുടെ പ്രയോഗവുമാണ് ശിവകുമാറിന് സകല സൗഖ്യവുമേകിയത്.

ഇനി മറ്റൊരു കാര്യം ഇതാണ്: സാധാരണയായി എന്തു സംഭവിക്കുന്നു എന്നാൽ, ഭർത്താ വിന് വലിയ വിശ്വാസമൊന്നും ഉണ്ടാവില്ല, എന്നാൽ ഭാര്യയ്ക്ക് കൂടുതലായി വിശ്വാസം കാണും. എന്നാൽ ഈ കേസിൽ, നേരെ തിരിച്ചാണ്. ഇവർ പാഴ്സി ദമ്പതിമാരാ ണ്-പാഴ്സി മത വിശ്വാസികളാണ്. ഭാര്യയ്ക്ക് സ്വാമിയിൽ യാതൊരു വിശ്വാസവുമില്ല. എന്നാൽ എന്താണ് സംഭവിച്ചതെന്നോ?

അവർക്ക് ഒരു മകൾ മാത്രമേയുള്ളൂ. റൂസി പട്ടേലിന്റെ രണ്ടര വയസ്സുള്ള, കേതു എന്ന പെൺകുഞ്ഞ്; പാഴ്സി ദമ്പതികളുടെ മകളാണ് രണ്ടര വയസ്സുള്ള കേതു, അവൾക്ക് സംസാരിക്കാനോ എണീറ്റ് നിൽക്കാനോ കൂടി കഴിയുമായിരുന്നില്ല, അവർ ധാരാളം മരു ന്നൊക്കെ നോക്കി, പക്ഷേ പ്രയോജനമുണ്ടായില്ല. അപ്പോൾ ആളുകൾ പറയാൻ തുടങ്ങി, ഇത് മാനസിക വളർച്ചയില്ലായ്മയാണ്, സ്പെഷ്യൽ ചൈൽഡ് ആണ് എന്നൊക്കെ. ചിലർ പറഞ്ഞു, നാഡീസംബന്ധമായ തകരാറാണെന്ന്.

ഈ ഘട്ടത്തിലാണ്, പുട്ടപർത്തിക്ക് പോകുന്നതിന് ഭർത്താവ് തീരുമാനിക്കുന്നത്. ഭാര്യ പറഞ്ഞു, “നമുക്ക് പോവേണ്ടാ; ഇത് പണവും സമയവും കളയാമെന്നേയുള്ളൂ!” പക്ഷേ ഭർത്താവ് ശഠിച്ചു. അവരവിടെ പോയി. അത് ശിവരാത്രി സമയമായിരുന്നു, അയാൾ ഒരു കത്ത് കൊടുക്കാനായി ശ്രമിക്കുകയായിരുന്നു, പക്ഷേ അയാൾക്ക് നൽകാനായില്ല, എന്തുകൊണ്ടെന്നാൽ അയാൾക്ക് തോന്നിയത്, “ഓരോ കാര്യവും അറിയുന്നയാളിന് ഞാൻ കത്ത് കൊടുക്കേണ്ട കാര്യമെന്താണ്? അവിടുന്നിന് എന്റെ എല്ലാ പ്രശ്നങ്ങളും അറിയാമെന്നിരിക്കെ, ഞാനെന്തിന് കത്ത് നൽകണം?” ഇപ്രകാരമായിരുന്നു അയാളുടെ വിചാരം. അതുകൊണ്ട്, ഓരോ വട്ടവും അയാൾ എഴുതും, കത്ത് കീറിക്കളയും, കത്ത് കീറിക്കളയും-എന്തുകൊണ്ടെന്നാൽ, സർവ്വജ്ഞന് കത്ത് നൽകുന്നതിൽ യാതൊരു അർത്ഥവുമില്ല എന്ന് അയാൾക്ക് മനസ്സിലായി.

ശിവരാത്രി കഴിഞ്ഞു, ഇനി വരുന്ന കുറച്ച് ദിവസങ്ങളിൽ ഇന്റർവ്യൂ ഉണ്ടാവില്ല എന്ന് സ്വാമി ആശ്രമവാസികളിലൊരാളെക്കൊണ്ട് അനൗൺസ് ചെയ്യിക്കുകയും ചെയ്തു; ആളുകൾ, അവിടെ കൂടിയിരുന്ന വലിയ പുരുഷാരം, സാവധാനം പിരിഞ്ഞുപോയി. ഈ മനുഷ്യൻ നിരാശയോടെ ഈ ദിവസങ്ങളത്രയും കാത്തിരിക്കുകയായിരുന്നു, ഈ അനൗൺസ്മെന്റ് ഉണ്ടായ സ്ഥിതിക്ക്, അയാൾക്ക് തിരികെ പോവേണ്ടിയിരുന്നു. എന്നാൽ ആ വേളയിൽ മന്ദിരത്തിന്റെ ബാൽക്കണിയിൽ നിന്നുകൊണ്ട് സ്വാമി ദർശനം നൽകുകയുണ്ടായി, മുകളിൽ, ബാൽക്കണിയിൽ നിന്നുകൊണ്ട്. അദ്ദേഹത്തിന് സ്വാമിയെ കാണാമായിരുന്നു. അദ്ദേഹം വളരെ ആനന്ദത്തിലായി, കാരണം അദ്ദേഹത്തിന് സ്വാമിയിൽ സകല ചൈതന്യവും, സകല തേജസ്സും ദർശിക്കാനായി.

തന്റെ പ്രശ്നം പരിഹരിക്കപ്പെടുമെന്ന്, എങ്ങനെയോ അദ്ദേഹത്തിന് തോന്നി. എന്നിട്ട് ഈ പാഴ്സി മനുഷ്യൻ, റൂസി പട്ടേൽ, വീട്ടിലേക്ക് തിരിച്ചുപോയി, വീട്ടിലേക്ക് മടങ്ങി! എന്നിട്ട് എന്തു സംഭവിച്ചു? തന്റെ കൊച്ചു കുട്ടി കേതു, തന്റെ അടുത്തേക്ക് “ഡാഡീ, ഡാഡീ, ഡാഡീ!” എന്നു വിളിച്ചുകൊണ്ട് ഓടിവരുന്നതാണ് അദ്ദേഹം കണ്ടത്. ആ കൊച്ചു പെൺകുട്ടിക്ക് സംസാരിക്കാനോ നിൽക്കാൻ പോലുമോ കഴിഞ്ഞിരുന്നില്ല, ഇന്നാവട്ടെ “ഡാഡീ, ഡാഡീ” വിളിച്ചുകൊണ്ട് നടക്കുകയാണ്! ഇത് മുംബൈയിലാണ് സംഭവിച്ചത്. അദ്ദേഹത്തിന് അത്യധികമായ സന്തോഷമായി.

ഏതാനും ദിവസങ്ങൾക്ക് ശേഷം, സ്വാമി ബോംബെയിലുള്ളപ്പോൾ, ഒരു ദിവസം സ്വാമിയുടെ ദർശനത്തിനായി ചെല്ലുമ്പോൾ, വലിയ ഒരു ആൾക്കൂട്ടത്തിന്റെ നടുക്കായിരുന്നു അദ്ദേഹം. സ്വാമി ദർശനം നൽകുന്നതിനിടയ്ക്ക് ഈ ദമ്പതികളെ തിരിച്ചറിഞ്ഞു, ആ കുഞ്ഞിനെ തിരിച്ചറിഞ്ഞു, അവളെ അരികത്തേക്ക് വിളിച്ചു, അവൾക്ക് വിഭൂതി

സൃഷ്ടിച്ചു നൽകി, അത് അവളുടെ വായിൽ ഇട്ടുകൊടുത്തു. എത്ര അതിശയകരമായ അനുഗ്രഹമായിരുന്നു അത്! അന്നു മുതൽക്ക് ആ കുട്ടി സംസാരിക്കാൻ തുടങ്ങി, അപ്പോൾ മുതൽക്ക് നടക്കാൻ തുടങ്ങി- തുടക്കത്തിൽ അവൾക്ക് സംസാരിക്കുന്നതിനോ നടക്കുന്നതിനോ കഴിഞ്ഞിരുന്നില്ല.

ഭഗവത്ഗീതയിൽ പറയുന്നതുപോലെ, ''മൂകം കരോതി വാചാലം പംഗും ലംഘയതേ ഗിരിം''- ഈശ്വരന്റെ കൃപയുണ്ടെങ്കിൽ മൂകന് സംസാരിക്കാനാവും, മുടന്തന് മല കയറാനാവും.

ഇതൊക്കെ നമ്മുടെ ഭഗവാൻ ചെയ്തതാണ്! ഇവ നമ്മെ ത്രസിപ്പിക്കുന്ന, ആവേശഭരിതരാക്കുന്ന അതിശയങ്ങളാണ്; ഇവ കേൾക്കുമ്പോൾ നമുക്ക് ഊർജം ലഭിക്കുന്നു, നമ്മുടെ ഭക്തി വളരുന്നു!

ഇതൊക്കെയാണ് സായി ഭാഗവതം! സായി ഭാഗവതത്തിൽ ഈ കഥകളും അനുഭവങ്ങളുമാണുള്ളത്, നമ്മുടെ വിശ്വാസം വളർത്താനായി, നമ്മുടെ ഭക്തി വികസ്വരമാവാനായി മാത്രം.

നമുക്ക് അടുത്ത തവണ കാണാം! സായി രാം!

(തുടരും)



**പ്രഫ. അനിൽകുമാർ കാമരാജു**
(പരിഭാഷ: എം.എൻ. വിനോദ്കുമാർ)